ലോഡ് താങ്ങാൻ കഴിയുന്നില്ല. ഒരുപാട് വർക്ക് ഒരുമിച്ച് കൊടുത്തിരിക്കുന്നുമുണ്ട്. ഏതെങ്കിലും ഔട്ട് സൈഡ് ഏജൻസിക്ക്, പ്രൈവറ്റ് ഏജൻസിക്ക് കൊടുത്തുവേണം ചെയ്യിക്കേണ്ടത്. അങ്ങയുടെ മണ്ഡലത്തിലുള്ള പാലങ്ങൾ അടക്കമുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നതിന് ഇപ്പോൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അതിനാൽ റേറ്റ് റിവൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. തോമസ് ഐസക്: റേറ്റ് റിവൈസ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

ശ്രീ. എം. മുരളി: സർ, ധനവിനിയോഗം സുഗമവും അഴിമതിരഹിതവുമാക്കണമെങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തണം. ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തണം. ബഡ്ജറ്റ് മാനുവൽ പരിഷ്കരിക്കണം. സ്റ്റോർ പർച്ചേസ് നിയമം പരിഷ്കരിക്കണം. പി.ഡബ്ല്യു.ഡി. മാനുവൽ റിസ്ക് ആന്റ് കോസ്റ്റിൽ അങ്ങ് ടെർമിനേറ്റ് ചെയ്യുമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ അവർ കോടതിയിൽ പോകും. പിന്നെ ആ വർക്ക് ഈ ജീവിതകാലത്ത് നടക്കുകയില്ല. അതുകൊണ്ട് പി.ഡബ്ല്യു.ഡി മാനുവൽ, ബഡ്ജറ്റ് മാനുവൽ സ്റ്റോർ പർച്ചേസ് നിയമം ഉൾപ്പെടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട നിയമങ്ങൾ കോടതിയുടെ ഇടപെടൽ വരാതെ പരിഷ്ക്കരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. തോമസ് ഐസക്: ഭരണ പരിഷ്കാര കമ്മീഷൻ മുന്നോട്ടു വച്ചിട്ടുള്ള എറ്റവും പ്രധാനപ്പെട്ട നിർദ്ദേശങ്ങളിൽ ഒന്നാണിത്. ആഗസ്റ്റ് മാസത്തിൽ പുതിയ പി.ഡബ്ല്യു.ഡി മാനുവൽ നിലവിൽ വരും

വനസംരക്ഷണ രംഗത്തെ പ്രവർത്തനങ്ങൾ

2 (*452) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വനസംരക്ഷണ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ വന സംരക്ഷണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ രൂപീകരിച്ച വനനയത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കും എന്നുറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളത് ?

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ,

(എ) വന സംരക്ഷണ രംഗത്ത് ക്രിയാത്മകവും കാര്യക്ഷമവുമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. റിസർവ്വ് വന വിസ്തൃതി വർദ്ധിപ്പിക്കൽ, വനം കൈയ്യേറ്റം

LIBRARY ARCHIVES Kerala Legislative Assembly

തടയൽ, പങ്കാളിത്ത വനപരിപാലനം ശക്തിപ്പെടുത്തൽ, വനനിയമങ്ങളുടെ ഭേദഗതി, വന കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ, ചന്ദനക്കാടുകളുടെ സംരക്ഷണം ഉറപ്പുവരുത്തൽ, സാമൂഹ്യ വനവൽക്കരണത്തിന് ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഇവയിൽ ചിലതാണ്. വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു.†

(ബി) ആദ്യമായാണ് കേരളത്തിന് ഒരു വന നയം ഉണ്ടാകുന്നത്. സർക്കാർ കൊണ്ടുവന്ന വനനയത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രധാനമായും താഴെ പറയുന്ന സംവിധാനങ്ങളാണ് ശക്തിപ്പെടുത്തുന്നത്.

1. വനാതിർത്തികളുടെ സർവ്വേയും വേർതിരിക്കലും.
2. വാഹന-വാർത്താവിനിമയ-ആയുധ സൗകര്യങ്ങളുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടുതൽ സ്ഥാപിക്കൽ
3. ബോധവൽക്കരണ പരിപാടികളുടെ വിപുലീകരണം
4. വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളുടെ പങ്കാളിത്തത്തോടെ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ
5. ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലനവും ആദിവാസികൾ അടക്കമുള്ള വനാശ്രിത സമൂഹത്തിനായുള്ള വികസന പ്രവർത്തനങ്ങളും ഊർജ്ജിതമാക്കൽ
6. സംസ്ഥാന വനവികസന ഏജൻസി, വനശ്രീ എന്നീ പദ്ധതികൾ ശക്തിപ്പെടുത്തുക
7. ചന്ദന സംരക്ഷണത്തിനായി നിയമഭേദഗതിയും ഡോഗ് സ്ക്വാഡ് രൂപീകരണവും
8. ഇന്റലിജന്റ് സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതമാക്കൽ
9. കഞ്ചാവ് കൃഷി, വ്യാജ ചാരായവാറ്റ്, വന്യമൃഗവേട്ട എന്നിവ തടയുന്നതിനുള്ള പോലീസ്, എക്സൈസ് വകുപ്പുകളുടെ സഹകരണം. അയൽ സംസ്ഥാനങ്ങളുമായുള്ള കൂടുതൽ സഹകരണം.
10. സംരക്ഷിത മേഖലകൾക്കും മറ്റ് ജൈവ വൈവിദ്ധ്യ പ്രാധാന്യമുള്ള വന മേഖലകൾക്കും പ്രത്യേകം സംരക്ഷണ പദ്ധതികൾ

ശ്രീ. എ. പി. അനിൽകുമാർ : സർ, ഭൂമിയിലെ ഏറ്റവും ഉൽപ്പാദനക്ഷമതയുള്ളതും ജൈവ വൈവിധ്യംകൊണ്ട് സമ്പന്നവുമായ നീർത്തടങ്ങളായിട്ടാണ് കണ്ടൽക്കാടുകളെ കാണുന്നത്. ലോകത്തിൽ ആകെയുള്ള കണ്ടൽക്കാടുകളുടെ മൂന്ന് ശതമാനം മാത്രമാണ് ഇന്ത്യയിലുള്ളത്. കേരളത്തിലാണെങ്കിൽ വളരെ പരിമിതവുമാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള കണ്ടൽക്കാടുകളുടെ വിസ്തൃതി കുറഞ്ഞുവരികയാണ്. നിലവിലുള്ള കണ്ടൽക്കാടുകളുടെ വിസ്തൃതി കുറഞ്ഞുവരുന്നത് എന്തുകൊണ്ടാണെന്ന് വനം വകുപ്പ് അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ സാഹചര്യം ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള എന്ത് നടപടികളാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ബിനോയ് വിശ്വം: സർ, ജൈവ വൈവിധ്യത്തിന്റെ പരിപാലനത്തിൽ കണ്ടൽക്കാടുകൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. അത് സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് പ്രത്യേക താൽപ്പര്യം ഉണ്ട്. അതിനകത്ത് നിയമപരമായി ഇടപെട്ട് ഇതെല്ലാം ഏറ്റെടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ഒട്ടേറെ സംശയങ്ങൾ ഉണ്ട്. അങ്ങനെ ചെയ്താലുണ്ടാകാൻ പോകുന്ന പ്രത്യാഘാതവും അറിയാം. പക്ഷേ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കണ്ടൽക്കാടുകളെ സംരക്ഷിക്കുവാൻ ആവശ്യമായ ഒരു കർമ്മ പദ്ധതി രൂപീകരിക്കുവാൻ ഗവൺമെന്റ് ഒരുക്കമായിരിക്കും.

ശ്രീ. എ. പി. അനിൽകുമാർ: സർ, അങ്ങ് ഇപ്പോഴും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് കണ്ടൽക്കാട് സംരക്ഷിക്കുന്നതിനാവശ്യമായ നടപടിയുണ്ടോ എന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായില്ല. ഇതുപോലെതന്നെ മൂന്നാറിലെ ഭൂമി കയ്യേറ്റം നമുക്കറിയാം. വൻകിട കയ്യേറ്റങ്ങളാണ് നടക്കുന്നത്. അത് ഒഴിപ്പിക്കുന്ന കാര്യത്തിൽ ഇപ്പോഴും അനിശ്ചിതത്വമാണ്. അതുപോലെതന്നെ വനഭൂമിയിൽ ആയിരക്കണക്കിന് ആദിവാസികൾ വനാവകാശ നിയമത്തിലൂടെ അവകാശപ്പെട്ട ഭൂമി ലഭിക്കുന്നതിനുവേണ്ടി ഒരു ഭാഗത്ത് നിൽക്കുമ്പോൾ മൂന്നാറിൽ വൻകിട കയ്യേറ്റം തുടരുകയാണ്. ഏതാണ്ട് മുപ്പതിനായിരത്തോളം ആദിവാസികൾക്ക് ഇന്ന് വനാവകാശ നിയമവുമായി ബന്ധപ്പെട്ട് വന ഭൂമി ലഭിക്കുവാനുണ്ട്. പക്ഷേ വനം വകുപ്പിന്റെ യഥാർത്ഥമായ ഇടപെടലുകൾ ഇല്ലാത്തതിന്റെ പേരിൽ ഇപ്പോൾ എണ്ണായിരത്തോളം പേർക്കു മാത്രമാണ് വനാവകാശ നിയമംവച്ച് വനഭൂമി കൊടുത്തിട്ടുള്ളത്. അതുകൊണ്ട് എത്രയും പെട്ടെന്ന് ബാക്കിയുള്ള ആദിവാസികൾക്കുകൂടി വനഭൂമി നൽകിക്കൊണ്ട് അവരെ വനാവകാശ സംരക്ഷണത്തിന്റെ ഭാഗമായി മാറ്റിയെടുക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. ബിനോയ് വിശ്വം: ആദ്യം പറഞ്ഞതിൽ ഒരു കാര്യം പറയാൻ വിട്ടുപോയി. കണ്ടൽക്കാടുകളുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി ഫണ്ട് ലഭ്യമാക്കിക്കൊണ്ടും മറ്റ് രൂപത്തിലൂടെയും ഈ കണ്ടൽക്കാടുകളുടെ രക്ഷയ്ക്കുവേണ്ട കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാണ്. രണ്ട്, നമ്മുടെ ഫോറസ്റ്റ് റൈറ്റ്സ് ആക്ടിന്റെ കാര്യം. ഇന്ത്യയിൽത്തന്നെ നമുക്ക് ഒരുപക്ഷേ എടുത്തു പറയാൻ കഴിയും, ഫോറസ്റ്റ് റൈറ്റ്സ് ആക്ടിന്റെ നിർവ്വഹണത്തിന് ഏറ്റവും മാതൃകാപരമായ സഹകരണം ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. നോഡൽ വകുപ്പായ പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമ വകുപ്പും റവന്യൂ വകുപ്പും വനം വകുപ്പും ഒരേ മനസ്സോടുകൂടി പ്രവർത്തിച്ചതിന്റെ ഫലമായി ഇതിനോടകംതന്നെ പതിനായിരത്തോളം ട്രൈബ്സിന് നമ്മൾ രേഖ കൊടുത്തു കഴിഞ്ഞു. എല്ലാം ആയിട്ടില്ല. ഒരു കാര്യം ഉറപ്പാണ്, എല്ലാ തടസ്സങ്ങളും മാറ്റിക്കൊണ്ട് ഈ വന മേഖലയിലുള്ള ആദിവാസികളുടെ അവകാശം ഉറപ്പാക്കുവാൻ വേണ്ടി ഈ സർക്കാർ ചെയ്യാവുന്നതെല്ലാം ചെയ്യുമെന്ന് ഉറപ്പു തരുന്നു.

പിന്നോക്ക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഇതിൽ 24,000 ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചു കഴിഞ്ഞു. പതിനാറായിരം ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുവാനുള്ള നടപടിയും സ്വീകരിച്ചു. 11600 ആദിവാസികൾക്ക് ഭൂമി കൊടുത്തു കഴിഞ്ഞു.

ശ്രീ. വി. ഡി. സതീശൻ : സർ, വനഭൂമി സംരക്ഷിക്കുന്ന കാര്യത്തിലും കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന കാര്യത്തിലും കേരളത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളിൽ ദൗർഭാഗ്യകരമായ നിലപാടാണ് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ളത്. മൂന്നാറിലെ വനഭൂമി സംരക്ഷിക്കുന്ന കാര്യത്തിലും മെർക്കിസ്റ്റൺ എസ്റ്റേറ്റിലെ വനഭൂമിയുടെ കാര്യത്തിലും വളപട്ടണത്തിലേയും വളന്തകാടിലേയും കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന കാര്യത്തിലും വന വിരുദ്ധ നയമാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. എന്റെ ചോദ്യം, ഇന്നലെ ബഹുമാനപ്പട്ട വൈദ്യുതി വകുപ്പുമന്ത്രി സഭയിൽ പറഞ്ഞു, അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ട കേസിൽ അങ്ങയുടെ വകുപ്പിന്റെ കീഴിലുള്ള കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അതിരപ്പിള്ളി പദ്ധതിക്ക് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന്. കെ.എഫ്.ആർ.ഐ. അതിരപ്പിള്ളി പദ്ധതിയുമായി കൊടുത്തിരിക്കുന്ന റിപ്പോർട്ടിലെ കൺക്ലൂഷൻ എന്താണെന്ന് അങ്ങ് വെളിപ്പെടുത്തുമോ ?

ശ്രീ. ബിനോയ് വിശ്വം: സർ, കേരളത്തിൽ ഇപ്പറഞ്ഞ എല്ലാ സ്ഥലങ്ങളിലേയും വനങ്ങൾ രക്ഷിക്കുന്ന കാര്യത്തിൽ ഉറച്ച നിലപാടാണ് വനംവകുപ്പ് എടുത്തിട്ടുള്ളത്, വീണ്ടും എടുക്കുകയും ചെയ്യും. മൂന്നാർ അടക്കമുള്ള എല്ലാ സ്ഥലങ്ങളിലും അത് തെളിയുമെന്ന് എനിക്ക് ഉറപ്പുണ്ട്. രണ്ടാമതായി, കെ.എഫ്.ആർ.ഐ. വനം വകുപ്പിന്റെ കീഴിലല്ല. അത് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലാണ്. കെ.എഫ്.ആർ.ഐ.-യുടെ റിപ്പോർട്ട് എല്ലാവർക്കും അറിയാവുന്നതാണ്. അത് നമ്മുടെ മുൻപിലുണ്ട്.

ശ്രീ. കെ. ബാബു : സർ, കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡ് മുന്നോട്ട് വയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ട് പദ്ധതികൾ, പൂയംകുട്ടി പദ്ധതിയും അതിരപ്പിള്ളി പദ്ധതിയുമാണ്. അതിരപ്പിള്ളി പദ്ധതിയും പൂയംകുട്ടി പദ്ധതിയും നടപ്പാക്കുമ്പോൾ വന നയത്തിന്റെ അടിസ്ഥാനത്തിൽ അത് കേരളത്തിലെ വനങ്ങളെ ബാധിക്കുമോ ? അത് ജൈവ വൈവിധ്യത്തെ ബാധിക്കുമോ എന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചിട്ടുണ്ടോ? അതുപോലെതന്നെ വനം വിസ്തൃതി വർദ്ധിച്ചതായി അങ്ങ് പറഞ്ഞു, അതിന്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ച മാനദണ്ഡം എന്താണ്; അതിന്റെ ആധികാരികത എന്താണ് എന്ന് കൂടി വ്യക്തമാക്കുമോ?

ശ്രീ. ബിനോയ് വിശ്വം: ഏത് വികസന പദ്ധതി നടപ്പിലാക്കുമ്പോഴും വനങ്ങളും ജൈവവൈവിധ്യവും തകർന്നു പോകരുതെന്നാണ് ഗവൺമെന്റിന്റെ നയം. അത് നടപ്പിലാക്കിക്കൊണ്ട് മാത്രമേ വികസന കാര്യങ്ങളുമായി മുന്നോട്ട് പോകാവൂ എന്നാണ് ഗവൺമെന്റ് കരുതുന്നത്. മാങ്കുളം റിസർവ്, വാഗമൺ റിസർവ്, നീലക്കുറിഞ്ഞി സാങ്ച്വറി പ്രഖ്യാപനം, ഇതിലൂടെയെല്ലാം ജൈവ വൈവിധ്യ മേഖല സംരക്ഷിക്കാൻ വേണ്ടി ഗവൺമെന്റ് കൈക്കൊണ്ട നടപടിയെപ്പറ്റി എല്ലാവർക്കും ബോധ്യമുണ്ട്. അത് അങ്ങേക്കും ബോധ്യമുണ്ടാകണം.

ശ്രീ. ബി. ഡി. ദേവസ്സി: സർ, വാഴച്ചാൽ, അതിരപ്പിള്ളി മേഖലകളെ പ്ലാസ്റ്റിക് വിമുക്തമാക്കാൻ വനസംരക്ഷണ പരിസ്ഥിതി നയത്തിന്റെ ഭാഗമായി അങ്ങ് നേരിട്ട് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. അതോടൊപ്പം തന്നെ എനിക്ക് ചോദിക്കാനുള്ളത്, അതിരപ്പിള്ളിയിൽ പി.ഡബ്ല്യു.ഡി. വഴിയായി എത്തിച്ചേരുന്ന ടൂറിസ്റ്റുകളുടെ വാഹനങ്ങളിൽനിന്നും ലക്ഷക്കണക്കിന് രൂപ അതിരപ്പിള്ളി വി.എസ്.എസ്. പിരിച്ചെടുക്കുന്നുണ്ട്. എന്നാൽ അവിടത്തെ വനം വികസനത്തിനോ അതുപോലെ ടൂറിസ്റ്റുകൾക്ക് ടോയ്ലറ്റ്, പാർക്കിംഗ് പ്ലെയ്സ് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ, വി.എസ്.എസ്. ന്റെ വികസനത്തിനാവശ്യമായ സൗകര്യങ്ങളടക്കം ചെയ്യാത്ത സ്ഥിതിയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അങ്ങ് നിർദ്ദേശം കൊടുത്തെങ്കിലും ഇപ്പോഴും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ നിന്ന് പിരിച്ചെടുക്കുന്ന തുക ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യം ഒരുക്കാനും വി.എസ്.എസ്.ന്റെ വികസനത്തിനും വനസംരക്ഷണത്തിനുംവേണ്ടി ഉപയോഗിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ശ്രീ. ബിനോയ് വിശ്വം: സർ, വാഴച്ചാൽ മേഖലയെ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള ശ്രമത്തിന് നല്ല പുരോഗതിയുണ്ടായിട്ടുണ്ട്. പക്ഷേ സ്ഥിരമായി ജാഗ്രത കാണിച്ചില്ലെങ്കിൽ അത് വീണ്ടും ലൂസായി പോകും. എന്തായാലും വാഴച്ചാൽ അടക്കമുള്ള ഒരു സ്ഥലത്തും പ്ലാസ്റ്റിക് മാലിന്യങ്ങൾ കുമ്പാരം കൂട്ടാൻ സമ്മതിക്കാറില്ല. അതിന് വനംവകുപ്പ് എടുത്ത നയങ്ങൾക്ക് പൊതുവെ പിൻതുണ ഉണ്ടായിട്ടുണ്ട്. വി.എസ്.എസ്. കളുടെ ഫണ്ടെന്ന് പറയുന്നത് പുഴയും വനവും സംരക്ഷിക്കാൻ വേണ്ടി മാറ്റി വയ്ക്കേണ്ടതാണ്. ആ ഫണ്ടിന്റെ വിനിയോഗത്തിനുവേണ്ടിയുള്ള പദ്ധതി ഉണ്ടാക്കേണ്ട ചുമതല എഫ്.ഡി.എ.-(ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി)-യ്ക്കുള്ളതാണ്. അതുപ്രകാരം വാഴച്ചാലിൽ എത്തുന്ന ടൂറിസ്റ്റുകൾക്കുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയെപ്പറ്റി ഇവിടെ ശ്രീ. ബി. ഡി. ദേവസ്സി ചൂണ്ടിക്കാട്ടിയ പ്രകാരം അവിടെ ഒരു പാർട്ടിസിപ്പേഷൻ ഉണ്ടാക്കാനും വി.എസ്.എസ്.-ന്റെ ഒരു ഓഫീസ് ഉണ്ടാക്കാനും അവിടത്തെ മാലിന്യങ്ങൾ നിർമ്മാർജ്ജനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനുമുള്ള പദ്ധതികളുമായിട്ടാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. അതിൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ എവിടെയെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ഗവൺമെന്റ് ഗൗരവപൂർവ്വം കണ്ട് അത് പരിഹരിക്കാൻ ശ്രമിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടിയും വന സംരക്ഷണത്തിനുവേണ്ടിയും അങ്ങ് എടുക്കുന്ന ചില നടപടികൾ ഞങ്ങളും കാണുകയാണ്. അതിന്റെ ഫലപ്രാപ്തി എത്ര എന്നുള്ളത് സംബന്ധിച്ച് രണ്ടാമത് ഒരു ചർച്ച വേണ്ടിവരുന്നതാണ്. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, ഭരണ മുന്നണിയിൽ തന്നെയുള്ള ചില ആളുകൾ പറയുന്നത്, അങ്ങ് മതമൗലീകവാദിയാണ്, അങ്ങേക്ക് ഇതുമായി മുന്നോട്ട് പോകാൻ കഴിയില്ല എന്നാണ്. ഈ ഗവൺമെന്റിന്റെ നയത്തെക്കുറിച്ച് ഞങ്ങൾ അങ്ങോട്ട് ചോദിച്ചപ്പോഴും അങ്ങ് വളരെ മൗനം പാലിക്കുന്ന നിലപാടാണ് എടുക്കുന്നത്. ഇപ്പോൾ തന്നെ ആ വാദം വച്ചുകൊണ്ടാണ് ശ്രീ. ശിവൻകുട്ടിയൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞാൻ ആ ആക്ഷേപത്തിനില്ല. അങ്ങയെ ആക്ഷേപിക്കുന്നത് ഞങ്ങൾക്കറിയാം. അതുകൊണ്ട് ഞാൻ ചോദിക്കുന്നു, അങ്ങയുടെ നയമെന്താണ്? അങ്ങ് അതിരപ്പിള്ളി സംബന്ധിച്ച് മൗനം പാലിച്ചോ ? കണ്ടൽക്കാട് സംബന്ധിച്ച് മൗനം പാലിച്ചോ ? പൂയംകുട്ടി സംബന്ധിച്ച് മൗനം പാലിച്ചോ ? അങ്ങയുടെ സമീപനം ആത്മാർത്ഥതയോടുകൂടിയുള്ളതാണെങ്കിൽ അങ്ങയുടെ നയം എന്താണ് ?

ശ്രീ. ബിനോയ് വിശ്വം : അങ്ങേക്കറിയാം കേരളത്തിലെ പരിസ്ഥിതിയും വനങ്ങളും ജൈവവൈവിധ്യവും സംരക്ഷിക്കപ്പെട്ടേ തീരു. ഇത് ഒരു ഭരണ-പ്രതിപക്ഷ പ്രശ്നമല്ല. ഇത് കേരളത്തിന്റെ ഭാവിയുടെ കാര്യമാണ്. അങ്ങനെ കണ്ടുകൊണ്ടാണ് ഈ സർക്കാർ ഒറ്റക്കെട്ടായി മുന്നോട്ട് പോകുന്നത്. വിപരീതമായൊന്നും ഉണ്ടാകില്ലെന്ന് അങ്ങേക്ക് ഉറപ്പിക്കാം.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഏറ്റവും കൂടുതൽ സംഭാവന നൽകുന്നവരാണ് ഫോറസ്റ്റ് വാച്ചർമാർ. അവർക്ക് യൂണിഫോം, ഐഡന്റിറ്റി കാർഡ്, ഇൻഷ്വറൻസ് തുടങ്ങിയവ നൽകണമെന്നുള്ള ഒരഭ്യർത്ഥനയുണ്ട്. എന്റെ ചോദ്യം, വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഏറ്റവും കൂടുതൽ വെല്ലുവിളി ഉണ്ടാക്കുന്നതാണ് മണ്ണൊലിപ്പ്. മണ്ണൊലിപ്പുമൂലം വൻ മരങ്ങൾ കടപുഴകി പുഴകളിലും നദികളിലും പെട്ടുപോകുന്ന സാഹചര്യം ഉണ്ട്. വന വിസ്തൃതി കുറയുന്നതിനും മണ്ണൊലിപ്പ് ഒരു കാരണമാകുന്നുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനോടൊപ്പം തന്നെ വാച്ചർമാരുടെ ആവശ്യങ്ങൾ പരിഹാരിക്കുന്നതിനും അങ്ങ് മുൻകൈ എടുക്കുമോ ?

ശ്രീ. ബിനോയ് വിശ്വം : സർ, മണ്ണൊലിപ്പ് കാടുകൾക്ക് അകത്തും പുറത്തും പ്രശ്നം ഉണ്ടാക്കുന്നത് തന്നെയാണ്. ഇത്തവണ ഗവൺമെന്റ് കാടുകൾക്കുള്ളിൽ സാദ്ധ്യമായിടത്തോളം എൻ.ആർ.ഇ.ജി.പി. ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ചുകൊണ്ട് തടയണ കെട്ടാനും ജലം സംഭരിക്കാനും സൂക്ഷിക്കാനുമെല്ലാമുള്ള പദ്ധതികൾ പ്ലാൻ ചെയ്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട കുറേ പ്രവർത്തനങ്ങൾ മുന്നോട്ടുപോയിട്ടുണ്ട്. ഞാൻ വീണ്ടും ആവർത്തിച്ച് പറയുന്നു, അങ്ങയുടെ മണ്ഡലത്തിൽ അങ്ങെടുത്ത തീരുമാനം വനം വകുപ്പിനകത്ത് ഒരു പുതിയ ചിന്ത ഉണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ വാച്ചർമാരുടെ കാര്യത്തെപ്പറ്റി ഇവിടെ പറയുകയുണ്ടായി. വാച്ചർമാർ കേരളത്തിലെ വനങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ വലിയ പങ്ക് വഹിച്ചവരാണ്. അവരുടെ സേവനങ്ങളെ ഗവൺമെന്റ് മാനിക്കുന്നുണ്ട്. അവരുടെ കൂലിക്ക് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അത് വീണ്ടും വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. അതോടൊപ്പം യൂണിഫോം അടക്കമുള്ള കാര്യങ്ങളെപ്പറ്റിയും ഗവൺമെന്റിന് താൽപ്പര്യമുണ്ട്. അക്കാര്യം നടപ്പിലാക്കുകയും ചെയ്യും.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: പരിസ്ഥിതി വാദികൾക്ക് ആവേശം പകർന്ന ഒരു വാരമാണ് കഴിഞ്ഞ വാരം. കണ്ണൂരിലെ കണ്ടൽ കൊണ്ടുണ്ടായ ഇണ്ടൽ ഇന്നലെ അവസാനിച്ചു. അതിരപ്പിള്ളി ഏതായാലും പോയി ഇനി പൂയംകുട്ടി മതി. ഇന്ദുലേഖ ഇല്ലെങ്കിൽ അമ്മു ആയാലും മതി എന്നുള്ള നിലപാടിലേക്ക് വൈദ്യുതി മന്ത്രിയും എത്തി. 55 ലക്ഷം രൂപ പാരിസ്ഥിതിക ദുർബ്ബല പ്രദേശങ്ങൾക്കുവേണ്ടി കേന്ദ്ര സർക്കാർ തന്നിട്ട് അത് ചെലവഴിച്ചില്ല. നമ്മുടെ ആവശ്യത്തിനുള്ള വൈദ്യുതിയുടെ പത്ത് ശതമാനം പോലും ഇനി ജല വൈദ്യുത പദ്ധതിയിൽനിന്ന് ലഭിക്കുകയുമില്ല. അതുകൊണ്ട് ഒരു പാരിസ്ഥിതികവാദി എന്നുള്ള നിലയിൽ ഇനി ജലവൈദ്യുത പദ്ധതികൾക്ക് കാട് നശിപ്പിക്കാതെ, പ്രതിപക്ഷ നേതാവ് ഇന്നലെ ചോദിച്ചതുപോലെ കേന്ദ്ര ഗവൺമെന്റ് ദുർബ്ബല പ്രദേശങ്ങൾക്കുവേണ്ടി അനുവദിച്ച തുക ചെലവഴിക്കാൻ അങ്ങ് തയ്യാറാകുമോ ?

<u>ശ്രീ. ബിനോയ് വിശ്വം</u>: സർ, പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഇപ്പോൾ എടുക്കുന്ന നിലപാട് എല്ലാക്കാലത്തും കോൺഗ്രസ് എടുക്കുമോ എന്ന് എനിക്ക് ആകാംഷയുണ്ട്. കഴിഞ്ഞ ഒന്നുരണ്ട് ദിവസങ്ങളായി കോൺഗ്രസിന്റെ എല്ലാ മേഖലകളിലും പാരിസ്ഥിതികമായ സ്നേഹത്തിന്റെ ഒരു വലിയ പ്രവാഹം കാണുന്നു, അതിൽ സന്തോഷമുണ്ട്. എന്റെ അഭ്യർത്ഥന പരിസ്ഥിതിയെയും ജൈവവൈവിധ്യത്തെയുമെല്ലാം സംരക്ഷിക്കാൻ വേണ്ടി കോൺഗ്രസ് എടുത്ത നിലപാട് ശ്രീ. വി. ഡി. സതീശനും കൂട്ടുകാരും എല്ലാക്കാലത്തും എടുത്താൽ നല്ലതാണെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെയാണെങ്കിൽ കേരളത്തിന്റെ ജൈവവൈവിധ്യത്തെയും പരിസ്ഥിതിയെയും സംരക്ഷിക്കാൻ വേണ്ടിയുള്ള ജനകീയമായിട്ടുള്ള ഇടപെടൽ ഉണ്ടാകും. നമുക്ക് ഇതെല്ലാം പ്രൊട്ടക്ട് ചെയ്യാനും പറ്റും.

<u>ശ്രീ. സി. എം. ദിനേശ്മണി</u>: സർ, കൊച്ചി നഗരത്തിലെ ഹരിത മേഖലയായിട്ടുള്ള മംഗളവനം സംരക്ഷിച്ച് വികസിപ്പിക്കുമെന്ന് അങ്ങ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മംഗളവനം വികസിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ? അത് നടപ്പിലാക്കാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: മംഗളവനം കൊച്ചി നഗരത്തിന്റെ നടുക്ക് കിടക്കുന്ന ഒരു പ്രദേശമാണ്. പക്ഷേ ഏറെക്കാലം അത് അവഗണിക്കപ്പെട്ട് എല്ലാ വേസ്റ്റും അടിഞ്ഞുകൂടി മാലിന്യത്തിന്റെ ഒരു താവളമായി കിടക്കുകയായിരുന്നു. അതിന് ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. ഇന്ന് ഈ മംഗളവനം കുറച്ചുകൂടി മെച്ചപ്പെട്ട നിലയിലായിട്ടുണ്ട്. പക്ഷേ തൃപ്തികരമായിട്ടില്ല. ഇനിയും അതിനെ സംരക്ഷിക്കാനും ശക്തമാക്കാനും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. റ്റി. യു. കുരുവിള : സർ, ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ഏരിയകളിലേക്കുള്ള ഫോറസ്റ്റ് റോഡുകൾ ടാറിംഗ് ഒഴികെ റിപ്പയർ ചെയ്യാൻ മുമ്പ് പഞ്ചായത്തുകൾക്ക് അനുവാദം കൊടുത്തിരുന്നു. എന്നാൽ ഇപ്പോൾ അതിന് തടസ്സമുന്നയിക്കുകയാണ്. പഞ്ചായത്തുകൾക്ക് കൊടുത്തിരുന്ന അനുവാദം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബിനോയ് വിശ്വം : സർ, 1980-ൽ ഇന്ദിരാ ഗാന്ധി കൊണ്ടുവന്ന വളരെ മാതൃകാപരമായ കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ അടിസ്ഥാന ത്തിൽ അത് പരിഗണിക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, മൂന്നാറിൽ നീലക്കുറിഞ്ഞിക്കു വേണ്ടി ഏകദേശം 12,000-ത്തോളം ഏക്കർ ഭൂമി വനഭൂമിയായി ഡിക്ലെയർ ചെയ്തിട്ടുണ്ട്. ഇവിടെ വളരെക്കുറച്ച് ഭാഗത്ത് മാത്രമേ നീലക്കുറിഞ്ഞി ഉള്ളു. ബാക്കിയുള്ളഭാഗം തരിശായി കിടക്കുകയാണ്. അവിടെ എന്തെങ്കിലും ചെയ്യാൻ വനംവകുപ്പ് തയ്യാറാകുമോ?

ശ്രീ. ബിനോയ് വിശ്വം : സർ, നീലക്കുറിഞ്ഞി മേഖല, വലിയൊരു ജൈവവൈവിധ്യ മേഖലയാണ്. അവിടെ കുറെക്കാലങ്ങളായി ഇടയ്ക്കിടെ വലിയ തോതിൽ കയ്യേറ്റങ്ങളുണ്ടാകുകയാണ്. അതിന്റെ അളവൊന്നും ഞാൻ പറയുന്നില്ല. ആ വിപത്ത് ഒഴിവാക്കാൻ വേണ്ടിയാണ് നീലക്കുറിഞ്ഞിക്കു വേണ്ടിയുള്ള സാങ്ച്വറിയുണ്ടാക്കിയത്. അവിടെ ഒരുപാട് നിർമ്മാണ പ്രവർത്ത നങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നില്ല. ഈ ജൈവവൈവിധ്യ മേഖലയിൽ പുൽമേടുകളെല്ലാമുണ്ട്. അതെല്ലാം സംരക്ഷിച്ചാൽ അത് മൂന്നാറിന്റെ പാരിസ്ഥിതികമായ ഭാവിക്ക് ഗുണകരമാകും. അതേസമയംതന്നെ ഈ മേഖലയിലുള്ള ചെറിയ കൃഷിക്കാർക്ക് എന്തെങ്കിലും വിഷമങ്ങൾ ഉണ്ടെങ്കിൽ അതിന് പരിഹാരമുണ്ടാക്കാനും ഗവൺമെന്റിന് ബാധ്യതയുണ്ട്. ഇക്കാര്യത്തിൽ എത്രയും വേഗം തീർപ്പുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, എനിക്ക് ചോദിക്കാനുള്ളത്, മംഗളവനത്തെക്കുറിച്ചുതന്നെയാണ്. മംഗളവനത്തെ സംബന്ധിച്ച ഒരു കമ്മിറ്റി യുണ്ട്. ഞാൻ ആ കമ്മിറ്റിയുടെ ചെയർമാനാണ്. ഞാൻ രണ്ടുപ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി വിളിച്ചിരുന്നു. അന്ന് അവിടെ വന്ന റിപ്പോർട്ടിൽ പറയുന്നത്, എഴുപതോളം പക്ഷികളുണ്ടായിരുന്നതിൽ ഇപ്പോൾ അവയുടെ എണ്ണം കുറയുന്നു എന്നാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം പറയുന്നത് ബേർഡ് ഫ്രണ്ട്‌ലി അല്ലാത്ത കെട്ടിടങ്ങൾ വരുന്നതുകൊണ്ടാണെന്നാണ്. പുതിയ ഹൈക്കോടതി ബിൽഡിംഗിന്റെ ഗ്ലാസ്സ് റിഫ്ളക്ഷൻകൊണ്ടുപോലും പക്ഷികളുടെ എണ്ണം കുറയുന്നു എന്നാണ്. എന്റെ ചോദ്യം, തൊട്ടടുത്ത് ഭവന നിർമ്മാണ ബോർഡിന്റെ സ്ഥലം കിടപ്പുണ്ട്. അവിടെ ഭവനനിർമ്മാണ ബോർഡ് വലിയ കെട്ടിടം നിർമ്മിക്കുന്നതിനെപ്പറ്റി ആലോചിക്കുകയാണ്. അവിടെ വരാൻ പോകുന്ന കെട്ടിടങ്ങൾ ഇതിനെ ബാധിക്കും. അതുകൊണ്ട് ഭവനനിർമ്മാണ ബോർഡ് നിർമ്മിക്കാൻ പോകുന്ന കെട്ടിടം ബേർഡ് ഫ്രണ്ട്‌ലി ആകുമെന്ന് അങ്ങേക്ക് ഉറപ്പിക്കാൻ കഴിയുമോ?

ശ്രീ. ബിനോയ് വിശ്വം : സർ, മംഗളവനത്തിനുവേണ്ടി ഒരു മാനേജ്മെന്റ് കമ്മിറ്റിയുണ്ടായത്, എം.എൽ.എ. ചെയർമാനായത്, ആ കമ്മിറ്റി കൂടുന്നത്, ചർച്ച ചെയ്യുന്നത് എല്ലാം പുതിയ കാര്യമാണ്. ആ കാര്യങ്ങൾ നല്ലതാണ്. അവിടെ വരുന്ന പക്ഷികളുടെ എണ്ണം കുറയുന്നുണ്ടെന്നുള്ളത് ശരിയാണ്. കാരണം, ഇപ്പോൾത്തന്നെ പടിഞ്ഞാറുനിന്ന് പക്ഷികൾക്ക് വരാനാവാത്ത വിധം അവിടെ സ്വകാര്യമഹലുകളുടെ വലിയ വലിയ ഗോപുരങ്ങളുണ്ട്. അതിനേക്കാൾ വലിയ ഒരു ബിൽഡിംഗും അവിടെ ഹൗസിംഗ് ബോർഡ് ഉണ്ടാക്കാൻ പോകുന്നില്ല. എന്നുമാത്രമല്ല, ഹൗസിംഗ് ബോർഡിന്റെ വെബ്സൈറ്റിൽ വ്യക്തമായി പറയുന്നുണ്ട്, മംഗളവനത്തിന്റെ പാരിസ്ഥിതികമായ പ്രശ്നങ്ങൾകൂടി പരിഗണിച്ചുകൊണ്ട് മാത്രമേ അവിടെയൊരു പ്ലാൻ ഉണ്ടാകാൻ പാടുള്ളൂ എന്ന്. അതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, മണ്ണൊലിപ്പ് തടയുന്നതിന് തടയണകൾ നിർമ്മിക്കുമെന്നും മരം സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അങ്ങ് പറയുകയുണ്ടായി. മണ്ണൊലിപ്പ് തടയാൻ ഫലപ്രദമായൊരു മാർഗ്ഗമായി കണ്ടിട്ടുള്ളത് ജിയോടെക്സ്റ്റൈൽസ് ഉപയോഗിച്ച് വൃക്ഷങ്ങളുടെ ചുവട്ടിൽ തടംകോരി സംരക്ഷിക്കാൻ സാധിക്കുമെന്നാണ്. മണ്ണൊലിപ്പ് തടയുന്നതിനും കടലാക്രമണ നിരോധനത്തിനും വേണ്ടി പെരുമാതുറ പ്രദേശത്ത് കുറച്ച് മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. അത് ആദ്യം വച്ചുപിടിപ്പിക്കുമ്പോൾ ഫലപ്രദമാകുമെന്ന് കരുതിയതല്ല. പക്ഷേ ഇപ്പോൾ അവിടെ വലിയ വനമായി മാറിയിട്ടുണ്ട്. പാറകൊണ്ട് കടലാക്രമണം തടയുന്നതിനേക്കാൾ ഈ മരംകൊണ്ട് തടയാൻ കഴിയുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇത് മറ്റ് പ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; ജിയോടെക്സ്റ്റൈൽസ് മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി ഉപയോഗിക്കുമോ?

ശ്രീ. ബിനോയ് വിശ്വം : സർ, അത് ശ്രദ്ധിക്കേണ്ട കാര്യമാണ്. തീരവനം എന്ന് പേരിട്ടപ്പോൾ പലരും പറഞ്ഞു, വനംവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

തീരങ്ങളെല്ലാം കയ്യേറാൻ പോകുന്നുവെന്ന്. അപ്പോൾ പേരുമാറ്റി ഹരിത തീരമെന്നാക്കി. ഇത് തുടങ്ങിയപ്പോൾ പലർക്കും ആശങ്കയുണ്ടായിരുന്നു. ഇന്ന് കേരളത്തിലെ 163 ഹെക്ടർ സ്ഥലത്ത് തീരപ്രദേശങ്ങളിൽ തീരങ്ങൾക്ക് പറ്റിയ മരങ്ങൾ വളർന്നുവന്നിട്ടുണ്ട്. വനം വകുപ്പിന്റെ വലിയൊരു പ്രവർത്തനമാണിതെന്ന് വനംവകുപ്പിന് അഭിമാനപൂർവ്വം പറയാൻ കഴിയും. അതോടൊപ്പം ജിയോടെക്സ്റ്റൈൽസിന്റെ പോസിബിലിറ്റിയും തീർച്ചയായും പരിശോധിക്കാം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, അങ്ങ് കേരളത്തിലെ ജൈവവൈവിധ്യവും വനവുമൊക്കെ സംരക്ഷിക്കാൻ ചെയ്യുന്ന ശ്രമങ്ങൾ വളരെയേറെ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. അതിരപ്പിള്ളി പദ്ധതിയിൽ വരെ അങ്ങ് ആ രീതിയിൽ ആർജ്ജവം കാണിക്കുന്നുവെന്നാണ് വാർത്താ മാധ്യമങ്ങൾ പറയുന്നത്. എന്നാൽ കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ഒരു ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി വനംവകുപ്പിന്റെ കീഴിലുള്ള ഭൂമി വിട്ടുകൊടുത്ത് അവിടെ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ഇങ്ങനെയൊരു ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നതിന് വനഭൂമി വിട്ടുകൊടുക്കുന്നതിന് തയ്യാറായ സാഹചര്യത്തിൽ അതിരപ്പിള്ളിയിൽ മാത്രം ഇങ്ങനെ ശക്തമായൊരു വാദം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ബിനോയ് വിശ്വം : സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് എവിടെയോ ചെറിയൊരു ആശയക്കുഴപ്പമുണ്ട്. ഒരു ചെറുകിട ജലവൈദ്യുത പദ്ധതിയെ അദ്ദേഹം മനസ്സിലാക്കിയത് വലിയ ഡാം ഉണ്ടാക്കുന്ന പ്രതീതിയോടുകൂടിയാണ്. അങ്ങനെയല്ല.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, അങ്ങ് ഉത്തര കേരളത്തിൽ കക്കയം കേന്ദ്രമാക്കി ടൈഗർ പാർക്ക് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതുപോലെ അവിടെ എലിഫെന്റ് പാർക്കും സ്ഥാപിക്കാൻവേണ്ടി ബാക്കി എല്ലാ സ്ഥലത്തും വനം വെട്ടിപ്പിടിക്കുകയാണ് ചെയ്യുന്നത്. എന്റെ മണ്ഡലത്തിൽ വനത്തിന് സ്ഥലം വിട്ടുകൊടുക്കാമെന്ന് കൃഷിക്കാർ സമ്മതിച്ചിട്ടുണ്ട്. 200-ഓളം ഏക്കർ ഭൂമി വനത്തിനുവേണ്ടി വിട്ടുതരാമെന്ന് ആവശ്യപ്പെട്ടിട്ട് രണ്ടുമൂന്നു വർഷക്കാലമായി കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് കിട്ടിയാൽ ഇത് ഏറ്റെടുക്കുമെന്ന് പറഞ്ഞു, ആ പ്രവർത്തനം എന്തായി ?

ശ്രീ. ബിനോയ് വിശ്വം : സർ, കേരളത്തിലെ ചില പ്രദേശങ്ങളിൽ ജനങ്ങൾ പറയുന്നുണ്ട്, അവർക്ക് പലവിധ കാരണങ്ങളാൽ മെച്ചപ്പെട്ട സ്ഥലം ലഭിക്കുകയാണെങ്കിൽ ഇന്നുള്ള സ്ഥലം വനമേഖലയ്ക്കായി വിട്ടുകൊടുക്കാമെന്ന്. അതിന് ഒന്നോരണ്ടോ കോടി രൂപ പോര, നിരവധി കോടിരൂപയുടെ പദ്ധതിയെപ്പറ്റി ഗവൺമെന്റ് ചിന്തിക്കുന്നുണ്ട്. അതിനുള്ള പ്രോജക്ട് കൊടുത്തിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് ഫണ്ട് കിട്ടിയാൽ നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ആഗോള താപനത്തിന്റെ പ്രത്യാഘാതങ്ങൾ വളരെയേറെ നമ്മെ ബാധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഒരു പരിസ്ഥിതി മൗലികവാദം ഉടലെടുക്കപ്പെടുന്നതിൽ തെറ്റില്ല. അങ്ങ് നേരത്തെ ചൂണ്ടിക്കാണിച്ച തീരവനവുമായി ബന്ധപ്പെട്ട് വച്ചുപിടിപ്പിച്ച മരങ്ങൾ നല്ല രീതിയിൽ ഉണ്ടായിവരുന്നുണ്ട്. സുനാമിയുമായി ബന്ധപ്പെട്ട പദ്ധതിയായിട്ടാണ് നമ്മൾ നടപ്പിലാക്കിയത്. സ്ഥിരമായി മൂന്നു വർഷക്കാലമെങ്കിലും നമ്മൾ അത് സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗമുണ്ടാക്കിയില്ലെങ്കിൽ, സംരക്ഷകരെ ചുമതലപ്പെടുത്തിയില്ലെങ്കിൽ വാർഡ് തലത്തിലുണ്ടാക്കിയ സമിതികളെല്ലാം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതോടുകൂടി അവസാനിക്കും. ഇതിനുവേണ്ട പ്രത്യേക നിർദ്ദേശം നൽകാൻ തയ്യാറാകുമോ ?

ശ്രീ. ബിനോയ് വിശ്വം : സർ, പരിസ്ഥിതിക്കും പ്രകൃതിക്കുംവേണ്ടി ശബ്ദിച്ചു പോയാൽ അവരെ മൗലികവാദിയെന്ന പേരു വിളിക്കുന്നതിന് തീർച്ചയായും മാറ്റമുണ്ടാകണം. എന്നുമാത്രമല്ല, ഭാവിയെ സ്നേഹിക്കുന്ന എല്ലാവർക്കും മരങ്ങളെ സ്നേഹിച്ചേ മതിയാകൂ. ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞത് തീരങ്ങളിലുള്ള വൃക്ഷങ്ങളുടെ സംരക്ഷണത്തെപ്പറ്റിയാണ്. ടി.എസ്.വി.എസ്. (തീര സംരക്ഷണ വൃക്ഷ സംരക്ഷണ സമിതി)കളാണ് അത് വച്ചുപിടിപ്പിച്ചത്. എല്ലാ സ്ഥലങ്ങളിലും അതിന്റെ വളർച്ച പൂർത്തിയായിട്ടുണ്ട്. ഇനി പ്രൊട്ടക്ഷന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. എവിടെയെങ്കിലും വേണമെന്നുണ്ടെങ്കിൽ അത് നോക്കാം.

ശ്രീ. എ. പ്രദീപ് കുമാർ : സർ, കേന്ദ്ര ഗവൺമെന്റ് നോട്ടിഫൈ ചെയ്തിട്ടുള്ള ഇൻഡ്യയിലെ 27 വെറ്റ് ലാന്റുകളിലൊന്നാണ് കോഴിക്കോട് നഗരത്തിലെ കോട്ടൂളി വെറ്റ്ലാന്റ്. ഒരുപാട് കണ്ടൽക്കാടുകളും തണ്ണീർത്തടങ്ങളുമുള്ള പ്രദേശമാണ്. അവിടത്തെ ജൈവവൈവിധ്യവും പ്രകൃതിയുടെ നൈസർഗ്ഗികതയുമെല്ലാം സംരക്ഷിച്ചുകൊണ്ടാണ് സരോവരം ബയോ പാർക്ക് എന്ന ആശയം അവിടെ യാഥാർത്ഥ്യമാക്കിയത്. അവിടെ ഗവൺമെന്റിന് 98 ഏക്കർ സ്ഥലം ഉണ്ട്. അവിടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവുമധികം കണ്ടൽക്കാടുകളുടെ നശീകരണത്തിനും കയ്യേറ്റത്തിനും അരങ്ങൊരുക്കിക്കൊടുത്ത ഒരു പ്രദേശമാണിത്. ടോട്ടൽ പ്രോജക്ട് എരിയ 242 ഏക്കറാണ്. ബാക്കിവരുന്ന 144-ഓളം ഏക്കർ ഭൂമി. ഗവൺമെന്റിന് കൈമാറുന്നതിന് ആവശ്യപ്പെടുമോ ?

ശ്രീ. ബിനോയ് വിശ്വം : സർ, അങ്ങനെ വ്യക്തമായൊരു പദ്ധതി അംഗീകരിക്കപ്പെടേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അത് മാത്രമല്ല, കേരളത്തിലെ അവശേഷിക്കുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കാൻവേണ്ടി ഭരണ-പ്രതിപക്ഷ ചിന്തകൾ വെടിഞ്ഞ് ചർച്ച നടത്തേണ്ട സമയമായിരിക്കുന്നു.

അനുബന്ധം-II

[20-7-2010-ലെ നക്ഷത്രചിഹ്നമിട്ട 2 (452)-ാം നമ്പർ ചോദ്യത്തിന്റെ 'എ' ഉത്തരം കാണുക]

ചന്ദന സംരക്ഷണത്തിനായി വന നിയമഭേദഗതി, ചന്ദനമോഷണം തടയുന്നതിന് പ്രത്യേക സംവിധാനങ്ങളും, ദൈനംദിന അവലോകനവും, വനമേഖലയിലെ കഞ്ചാവ് കൃഷി നിർമ്മാർജ്ജനം, വ്യാജവാറ്റ് നിർമ്മാർജ്ജനം, വനം കയ്യേറ്റം തടയൽ, വനം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് വേണ്ടിയുള്ള ഡോഗ് സ്ക്വാഡിന്റെ രൂപീകരണം, പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഏറ്റെടുക്കൽ, പങ്കാളിത്ത വനപരിപാലനം ശക്തിപ്പെടുത്തുന്നതിന് വേണ്ടി കൂടുതൽ വനവികസന ഏജൻസി, വി.എസ്.എസ്/എ.ഡി.സി എന്നിവയുടെ രൂപീകരണം, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, അന്തർസംസ്ഥാന കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിലെ വനംവകുപ്പുമായുള്ള സഹകരണം മെച്ചപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ പ്രധാനമായും നേതൃത്വം നൽകിയിട്ടുള്ളത്.

അനധികൃത വന്യജീവി വ്യാപാരവും സംഘടിത വനം-വന്യജീവി കുറ്റകൃത്യങ്ങളും തടയുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യയിലെ വനം വകുപ്പുമന്ത്രിമാരുടെ സമ്മേളനങ്ങൾ നടത്തുന്നുണ്ട്. വനം, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് ശിൽപ്പശാലകൾ നടത്തുന്നുണ്ട്. സംസ്ഥാന അതിർത്തികളിൽ സംയുക്ത പട്രോളിംഗ് നടത്തുന്നുണ്ട്. കടുവ/പുലിത്തോലുകൾ, പാമ്പിൻ വിഷം, ആനക്കൊമ്പ് തുടങ്ങിയവ നിരന്തരമായ റെയ്ഡുകളുടേയും പരിശോധനകളുടേയും ഫലമായി കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. വനമേഖലകളിൽ തീവ്രവാദി സാന്നിദ്ധ്യം തടയുന്നതിനുവേണ്ടി വനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly